# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സുപ്രീം കോടതിയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന നാളെ ചുമതലയേൽക്കും.

   **Justice Sanjeev Khanna to be sworn in as the 51st Chief Justice of the Supreme Court tomorrow.**

2. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണത്തിന് ചൂടേറി, രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണരംഗത്ത്.

   **Maharashtra and Jharkhand assembly election campaign intensified .Senior leaders of political parties leads the campaign.**

3. വയനാട് ലോക്സഭാ ചേലക്കര നിയമസഭാ ഉപതിരഞ്ഞെടുപ്പിലേക്കുള്ള പരസ്യപ്രചാരണത്തിന് നാളെ കൊട്ടിക്കലാശം, വോട്ടെടുപ്പ് ബുധനാഴ്ച.

   **Election campaign for Wayanad Lok Sabha and Chelakara assembly by-elections will end tomorrow, polling will be held on Wednesday.**

4. സീപ്ലെയിൻ ടൂറിസത്തിനൊരുങ്ങി കേരളം, പ്രഥമ സർവ്വീസിന് നാളെ ഫ്ലാഗ്ഓഫ്.

   **Kerala gets ready for seaplane tourism, first service will flag off tomorrow.**

5. ടി -ട്വിന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഇന്ത്യയെ ബാറ്റിംഗിനയച്ചു.

   **South Africa wins the toss and chose to field in the second match of the T-Twenty cricket series against India.**

&&&&&&&&&&&&&&&

## DHANKHAR-MATES EVENT (INTRO)

ഗവേഷണ, നൂതനാശയ മേഖലയിലെ നിക്ഷേപം ഭാവിയിലേക്കും പ്രയോജനം ചെയ്യുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. നവീകരണവും ഗവേഷണവും സമ്പദ്‌വ്യവസ്ഥയെ മുന്നോട്ടു നയിക്കുന്ന യഥാർത്ഥ എഞ്ചിനുകളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ന്യൂഡൽഹിയിൽ മഹാരാജ അഗ്രസെൻ ടെക്നിക്കൽ എജ്യുക്കേഷൻ സൊസൈറ്റിയുടെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വാണിജ്യം, വ്യവസായം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ സമ്പത്തിൻ്റെ സ്രഷ്ടാക്കളും, തൊഴിൽ ദാതാക്കളുമാണ്. അതിനാൽ അവർ സമൂഹത്തിൽ ആദരവ് അർഹിക്കുന്നുവെന്നും ഉപരാഷ്ട്രപതി കൂട്ടിച്ചേർത്തു.

(ഹോൾഡ്- വോയ്സ്)

&&&&&&&&&&&&&&&

## PM-SPECIAL CAMPAIGN 4.0

2021 മുതൽ പാഴ്‌വസ്തുക്കൾ നീക്കം ചെയ്യതിലൂടെ രാജ്യത്തിന്റെ ഖജനാവിലേക്ക് 2,364 കോടി രൂപ ഉൾപ്പെടെ കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കിയ, സ്പെഷ്യൽ ക്യാമ്പയിൻ 4.0-യെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. കൂട്ടായ പരിശ്രമങ്ങൾ സുസ്ഥിരമായ ഫലങ്ങളിലേക്ക് എങ്ങനെ നയിക്കുമെന്ന് ക്യാമ്പയിൻ കാണിക്കുന്നതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗിൻ്റെ സാമൂഹ്യ മാധ്യമ പോസ്റ്റിനു മറുപടിയായി പ്രധാനമന്ത്രി എക്സിൽ കുറിച്ചു. കാര്യക്ഷമമായ നിർവഹണത്തിലും സജീവമായ പ്രവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചതിനാൽ ഈ ശ്രമത്തിന് മികച്ച ഫലം ലഭിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## HEAD LINE -1

## CJI-FAREWELL

സുപ്രീം കോടതിയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന നാളെ ചുമതലയേൽക്കും. ചീഫ് ജസ്റ്റിസ് ഡി വൈ

ചന്ദ്രചൂഡ് ഇന്ന് പദവിയിൽ നിന്ന് വിരമിക്കും. 2022 നവംബറിലാണ് ശ്രീ ചന്ദ്രചൂഡ് ചുമതലയേറ്റത്.

&&&&&&&&&&&&&&&

## HEAD LINE -2

## JHARKHAND CAMPAIGNING

ഝാർഖണ്ഡിൽ നിയമ സഭാ തെരഞ്ഞെടുപ്പിലേക്കുള്ള ആദ്യ ഘട്ട വോട്ടെടുപ്പ് ബുധനാഴ്ച നടക്കാനിരിക്കെ പ്രചാരണത്തിന് ചൂടേറി. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ഗുംലയിലും ബൊക്കാറോയിലും പൊതുയോഗങ്ങളെ അഭിസംബോധന ചെയ്തു. വൈകുന്നേരം റാഞ്ചിയിൽ നടന്ന റോഡ്ഷോയിലും അദ്ദേഹം പങ്കെടുത്തു. അതേസമയം മുതിർന്ന ജെഎംഎം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ റാഞ്ചിയിൽ തിരഞ്ഞെടുപ്പ് റാലി നടത്തി. നിയമസഭാ തിരഞ്ഞെടുപ്പിൻ്റെ ആദ്യ ഘട്ട പ്രചാരണം നാളെ അവസാനിക്കും. 43 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. രണ്ടാം ഘട്ടത്തിൽ 38 സീറ്റുകളിലേക്ക് ഈ മാസം 20ന് വോട്ടെടുപ്പ് നടക്കും.

&&&&&&&&&&&&&&&

## REV. MAHARASHTRA – MANIFESTO

മഹാരാഷ്ട്രയിൽ ഭാരതീയ ജനതാ പാർട്ടിയും പ്രതിപക്ഷമായ മഹാ വികാസ് അഘാഡിയും നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രകടന പത്രിക ഇന്ന് പുറത്തിറക്കി. ബി ജെ പി പ്രകടനപത്രിക കേന്ദ്ര ആഭ്യന്തര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് മുംബൈയിലാണ് പുറത്തിറക്കിയത്. പ്രതിപക്ഷമായ മഹാ വികാസ് അഘാഡി സഖ്യത്തിന്റെ പ്രകടന പത്രിക കോൺഗ്രസ് അധ്യക്ഷൻ മാലികാർജുൻ ഖാർഗെ പുറത്തിറക്കി. എൻസിപി, ശിവസേന എന്നീ പാർട്ടികളും പ്രചാരണം ഊർജിതമാക്കി.

&&&&&&&&&&&&&&&

## HEAD LINE -3

## BY ELECTION KERALA

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം നാളെ സമാപിക്കും. മറ്റന്നാൾ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് ഇവിടെ വോട്ടെടുപ്പ്. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഈ മാസം 20 നാണ് വോട്ടെടുപ്പ്. മൂന്നിടങ്ങളിലേയും വോട്ടെണ്ണൽ നവംബർ 23 ന് നടക്കും.

&&&&&&&&&&&&&&&

## WAYANAD ELECTION (INTRO)

വയനാട് ലോക്സഭ ഉപതെരത്തെ ടുപ്പിന് രണ്ടുനാൾ ബാക്കി നിൽക്കെ പ്രചാരണം ശക്തമാക്കി മുന്നണികൾ. സ്ഥാനാർഥി പര്യടനത്തിന് പുറമേ വാഹന പ്രചാരണവും വിവിധ മേഖലകളിൽ നടക്കുന്ന വോട്ടഭ്യർഥനയുമായി പ്രവർത്തകരും വീടുകളിലെത്തും.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി**
**നസീർ ബാബു**

(ഹോൾഡ്)

&&&&&&&&&&&&&&&

## MOS GEORGE CURIAN

കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ- പ്രദർശന പരിപാടിക്ക് നാളെ എറണാകുളത്ത് തുടക്കമാകും . അങ്കമാലിയിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. തപാൽ വകുപ്പിൻറെ ആധാർ സേവനങ്ങൾ, ദേശീയ ആയുഷ് മിഷൻറെ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## HEAD LINE -4

## CPLAIN – KOCHI

കേരളത്തിൻറെ വിനോദസഞ്ചാര മേഖലയ്ക്ക് പുതിയ പ്രതീക്ഷ നൽകുന്ന സീപ്ലെയിൻ ഇന്ന് കൊച്ചിയിലെത്തി. വാട്ടർ സല്യൂട്ട് നൽകിയാണ് സീപ്ലെയിന് സ്വീകരണം നൽകിയത്. 9 പേരെ വഹിക്കാൻ കഴിയുന്ന ആഫിംബിയൻ വിമാനം നാളെ രാവിലെ ബോൾഗാട്ടി മറീനയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് ഫ്ലാഗ് ഓഫ് ചെയ്യും. ഇടുക്കി മാട്ടുപ്പെട്ടി ജലാശയത്തിലാണ് വിമാനം ഇറക്കുന്നത്.

&&&&&&&&&&&&&&&

## KERALA SCHOOL SPORT MEET

കേരള സംസ്ഥാന സ്കൂൾ കായികമേളയിൽ മുന്നേറ്റം തുടർന്ന് തിരുവനന്തപുരം ജില്ല. 1,924 പോയിന്റുമായാണ് തലസ്ഥാന ജില്ല ഒന്നാം സ്ഥാനത്തുള്ളത്. തൃശൂർ രണ്ടാമതും മലപ്പുറം മൂന്നാമതുമാണ്. അത്ലറ്റിക്സിൽ മലപ്പുറമാണ് ഒന്നാം സ്ഥാനത്ത്. കായികമേളയുടെ സമാപന സമ്മേളനം നാളെ വൈകിട്ട് എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പ്രഥമ ചീഫ് മിനിസ്റ്റേഴ്സ് എവർറോളിങ് ട്രോഫി ജേതാക്കൾക്ക് മുഖ്യമന്ത്രി സമ്മാനിക്കും.

&&&&&&&&&&&&&&&

## HEAD LINE -5

## CRICKET–IND–SA

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടി -ട്വിന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ് . ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഇന്ത്യയെ ബാറ്റിംഗിനയക്കുകയായിരുന്നു.

&&&&&&&&&&&&&&&

## SLK

പ്രഥമ സൂപ്പർ ലീഗ് കേരളയുടെ കിരീടപ്പോരാട്ടത്തിൽ ഇന്ന് കാലിക്കറ്റ് എഫ് സി, ഫോഴ്സ കൊച്ചിയെ നേരിടും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ രാത്രി 8 നാണ് മത്സരം.

&&&&&&&&&&&&&&&&

## Kishtwar attack

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിലെ വനമേഖലയിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികന് വീരമൃത്യു. മൂന്ന് പേർ പരിക്കേറ്റ് ചികിത്സയിലാണ്. പാര സ്പെഷ്യൽ ഫോഴ്സിലുള്ള ജൂനിയർ കമ്മീഷൻഡ് ഓഫീസർ നായിബ് സുബേദാർ രാകേഷ് കുമാറാണ് വീരമൃത്യു വരിച്ചത്. പ്രദേശത്ത് നാലോളം ഭീകരർ ഒളിച്ചിരിക്കുന്നതായി കരുതുന്നു. ഇവർക്കായുള്ള തിരച്ചിൽ തുടരുകയാണ്.

&&&&&&&&&&&&&&&&

## PM CONDOLENCE

പ്രശസ്ത ചലച്ചിത്രകാരൻ ഡൽഹി ഗണേഷിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. ഓരോ കഥാപാത്രത്തിലും മികച്ച അഭിനയം കാഴ്ചവച്ച അനുഗ്രഹീത നടനായ ഡൽഹി ഗണേശൻ എക്കാലവും സ്നേഹപൂർവ്വം സ്മരിക്കപ്പെടുമെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. ചെന്നൈയിലെ രാമപുരം സെന്തമിഴ് നഗറിലെ വസതിയിൽ ഇന്നലെ രാത്രിയായിരുന്നു ഡൽഹി ഗണേശന്റെ അന്ത്യം. തമിഴ്, മലയാളം, തെലുങ്ക്, കന്നഡ ഭാഷകളിലായി നാനൂറിലേറെ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## MANDAVIYA PADYATRA

ജൻജാതീയ ഗൗരവ് ദിവസ് പ്രമാണിച്ച് ബുധനാഴ്ച ഛത്തീസ്ഗഡിലെ ജഷ്പൂരിൽ നടക്കുന്ന പദയാത്രയിൽ കേന്ദ്ര മന്ത്രി മാൻസുഖ് മാണ്ഡവ്യ പങ്കെടുക്കും. ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണു ദേവ് സായിയും മറ്റ് മന്ത്രിമാരും ചടങ്ങിൽ സംബന്ധിക്കും. ബിർസ മുണ്ടയുടെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&

## SRILANKA-INS VELA

ഇന്ത്യൻ നാവികസേനയുടെ അന്തർവാഹിനിക്കപ്പലായ ഐഎൻഎസ് വേല ശ്രീലങ്കയിലെ കൊളംബോയിലെത്തി. മൂന്ന് ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായെത്തിയ കപ്പലിന് ശ്രീലങ്കൻ നാവികസേന ആചാരപരമായ സ്വീകരണം നൽകി. സന്ദർശനത്തോടനുബന്ധിച്ച് ഇരുരാജ്യങ്ങളിലെയും നാവികസേനാംഗങ്ങളുടെ സംയുക്ത അഭ്യാസപ്രകടനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ 'അയൽപക്കം ആദ്യം' നയത്തിന്റെയും സമുദ്ര സുരക്ഷ വർധിപ്പിക്കുക ലക്ഷ്യമിട്ടുള്ള 'സാഗർ' പദ്ധതിയുടെയും മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് സന്ദർശനം. 2021 നവംബറിൽ ഇന്ത്യൻ നാവികസേനയിൽ കമ്മീഷൻ ചെയ്ത അന്തർവാഹിനിയാണ് ഐഎൻഎസ് വേല.

&&&&&&&&&&&&&&&

## DENIS MANTUROV- INDIA VISIT

റഷ്യ-ഇന്ത്യ ബിസിനസ്സ് ഫോറത്തിൽ പങ്കെടുക്കുന്നതിനായി റഷ്യൻ ഉപപ്രധാനമന്ത്രി ഡെനിസ് മാൻടുറോഫ് നാളെ ഇന്ത്യയിലെത്തും. മുംബൈയിൽ നടക്കുന്ന സമ്മേളനത്തിൽ ഉഭയകക്ഷി വ്യാപാരം, വാണിജ്യം എന്നിവ വർധിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ ചർച്ചയാകും.

&&&&&&&&&&&&&&&

## NHRC MEA- PROGRAMME

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ലക്ഷ്യമിട്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന, ഇന്ത്യൻ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് കോഓപ്പറേഷൻ എക്സിക്യൂട്ടീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്, നാളെ തുടക്കമാകും. മാലിദ്വീപ്, നേപ്പാൾ, ശ്രീലങ്ക, തായ്ലൻഡ് തുടങ്ങിയ എട്ട് രാജ്യങ്ങളിൽ നിന്നുള്ള മനുഷ്യാവകാശ സ്ഥാപനങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&

## EVE DELHI LG-POLICE CHAMPIONSHIP

73-ാമത് അഖിലേന്ത്യാ പോലീസ് അത്ലറ്റിക്സ് ക്ലസ്റ്റർ ചാമ്പ്യൻഷിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി. ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടി ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന ഉദ്ഘാടനം ചെയ്തു. രാജ്യത്തുടനീളം സേവനമനുഷ്ഠിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ ശ്രീ സ്ക്സേന അഭിനന്ദിച്ചു. അഞ്ച് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ രാജ്യത്തുടനീളമുള്ള സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, കേന്ദ്ര സായുധ സേനകൾ തുടങ്ങിയവയിൽ നിന്നുള്ള 1100-ലധികം കളിക്കാർ പങ്കെടുക്കും.

&&&&&&&&&&&&

&&&&&&&&

&&&&&&&